# Additional Language : Malayalam

## Course Outcomes

## BA/B.Sc

### സെമസ്റ്റർ : ഒന്ന്

കോഴ്സ് കോഡ് : ML 1111.1
കോഴ്സിന്റെ പേര് : മലയാള കവിത

**പഠനഫലപ്രാപ്തി**

1. മലയാളകവിതയുടെ ചരിത്രപരമായ വികാസത്തെക്കുറിച്ചുള്ള അവബോധം നേടുന്നു.
2. കാവ്യാഭിരുചിയും കാവ്യാസ്വാദന താല്പര്യവും വികസിക്കുന്നു.
3. കാവ്യഘടകങ്ങളെക്കുറിച്ചുള്ള സൂക്ഷ്മധാരണയുണ്ടാകുന്നു.
4. കവിതകളെ സൂക്ഷ്മമായി വിശകലനം ചെയ്യാനുള്ള പ്രാപ്തി കൈവരിക്കുന്നു.
5. രചനാരീതികളെ താരതമ്യാത്മകമായി നിർദ്ധാരണം ചെയ്യുന്നു.
6. കവിതാനിരൂപണം തയ്യാറാക്കുന്നു.

### സെമസ്റ്റർ : രണ്ട്

കോഴ്സ് കോഡ് : ML 1211.1
കോഴ്സിന്റെ പേര് : ഗദ്യസാഹിത്യം

**പഠനഫലപ്രാപ്തി**

1. മലയാളഗദ്യത്തിലെ പ്രധാനസാഹിത്യരൂപങ്ങളെക്കുറിച്ച് സാമാന്യവബോധം പ്രാപ്തമാക്കുന്നു.
2. ഗദ്യരൂപങ്ങളുടെ ഉൽപത്തിവികാസപരിണാമങ്ങൾ അന്വേഷിച്ച് അപഗ്രഥിക്കുന്നു.
3. രചനകളെ വിശകലനം ചെയ്യാനുള്ള ഭാവുകത്വശേഷി വികസിക്കുന്നു.
4. എഴുത്തുകാരുടെ രചനാശൈലിയെ താരതമ്യാത്മകമായി നിരീക്ഷിക്കുന്നു.
5. രചനകളിലെ ഉള്ളടക്കം, ഭാഷ, സാമൂഹ്യരാഷ്ട്രീയ പരിപ്രേക്ഷ്യം, സൗന്ദര്യതലം ഇവ വിശകലനം ചെയ്ത് നിരൂപണപഠനങ്ങൾ തയ്യാറാക്കുന്നു.

### സെമസ്റ്റർ : മൂന്ന്

കോഴ്സ് കോഡ് : ML 1311.1
കോഴ്സിന്റെ പേര് : ഭാഷാവബോധവും സർഗാത്മകതയും

**പഠനഫലപ്രാപ്തി**

1. മലയാളഭാഷയുടെ പ്രയോഗരീതികളെക്കുറിച്ച് മനസ്സിലാക്കുന്നു.
2. തെറ്റില്ലാത്ത രീതിയിൽ ഭാക്ഷ പ്രയോഗിക്കാനുള്ള നൈപുണി നേടുന്നു.
3. വ്യാകരണത്തിന്റെ പ്രാഥമികപാഠങ്ങളിൽ പ്രാഗത്ഭ്യം കരസ്ഥമാക്കുകയും സ്വയം വിലയിരുത്തുകയും ചെയ്യുന്നു.
4. വിവർത്തനങ്ങളിൽ പ്രായോഗികപരിശീലനം നേടുകയും വിവർത്തനരചനകൾ നടത്തി വിലയിരുത്തുകയും ചെയ്യുന്നു.
5. എഴുത്തുകാരുടെ സർഗ്ഗജീവിതത്തെക്കുറിച്ച് അവബോധം നേടുകയും താരതമ്യാത്മകമായി നിരീക്ഷിക്കുകയും ചെയ്യുന്നു.
6. പുതുരചനകൾ സൃഷ്ടിക്കുന്നു.

**സെമസ്റ്റർ : നാല്**

കോഴ്സ് കോഡ് : ML 1411.1
കോഴ്സിന്റെ പേര് : ദൃശ്യകലാസാഹിത്യം

**പഠനഫലപ്രാപ്തി**

1. കേരളത്തിലെ ദൃശ്യകലാസംസ്ക്കാരത്തിന്റെ സമ്പന്നതയും വൈവിധ്യവും കണ്ടെത്തി വിവരിക്കുന്നു.
2. രചനയിൽ നിന്ന് പ്രയോഗത്തിലേക്കുള്ള പരിണാമത്തെക്കുറിച്ച് പരിശോധന നടത്തുന്നു.
3. കഥകളി, തുള്ളൽ, നാടകം, സിനിമ എന്നീ കലാരൂപങ്ങളെയും അവയ്ക്ക് ആധാരമായ സാഹിത്യകൃതികളെയും ചേർത്തുവച്ച് നിരൂപിക്കുന്നു.
4. ദൃശ്യകലകളെ വിമർശനാത്മകമായി ആസ്വദിക്കുന്നു.
5. നാടകം, തിരക്കഥ എന്നിവ രചിക്കുന്നു.
6. അഭിനയം, തിരക്കഥാരചന, നാടകരചന തുടങ്ങി കലകളുടെ ക്രിയാത്മകാവിഷ്ക്കാരത്തിന് നേതൃത്വം നൽകുന്നു.

## Career Related BA/B.Sc/B.Com

കോഴ്സ് കോഡ് : ML 1111.3

കോഴ്സിന്റെ പേര് : **ഗദ്യസാഹിത്യം**

### പഠനഫലപ്രാപ്തി

1. മലയാളത്തിലെ നോവൽ, ചെറുകഥ, ഉപന്യാസം, പഠനം, ജീവചരിത്രം, ആത്മകഥ, യാത്രാനുഭവം ഇവയെ പരിചയപ്പെടുന്നതുവഴി മലയാളഗദ്യത്തിന്റെ വിവിധ മാതൃകകൾ മനസ്സിലാക്കുന്നു.
2. ഭാഷയുടെ പ്രയോഗസാധ്യതകൾ പ്രമേയവൈവിധ്യങ്ങൾ ഇവ വിദ്യാത്ഥികൾ വിശകലനവിധേയമാക്കുന്നു.
3. കൃതികളുടെ സാംസ്കാരികവും സാമൂഹികവുമായ നിലപാടുകളുമായി സംവദിക്കുകവഴി ഗദ്യസാഹിത്യത്തിന്റെ സൗന്ദര്യാത്മകമായ സവിശേഷതകൾ തിരിച്ചറിയാനും വിലയിരുത്താനുമുള്ള പ്രാപ്തി കൈവരുന്നു.
4. ഭാഷാശുദ്ധി, തർജ്ജമ, ഉപന്യാസരചന ഇവയിലൂടെ നല്ല മലയാളമെഴുതാൻ വിദ്യാർത്ഥികൾ പ്രാപ്തി നേടുന്നു. സൃഷ്ടിവൈഭവവും പ്രയോഗവൈദഗ്ദ്ധ്യവും നേടുന്നു.

## സെമസ്റ്റർ രണ്ട്

കോഴ്സ് കോഡ് : ML 1211.3

കോഴ്സിന്റെ പേര് : ദൃശ്യകലാസാഹിത്യം

### പഠനഫലപ്രാപ്തി

1. സാഹിത്യകൃതികളും ദൃശ്യകലകളും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നു.
2. കേരളീയ ദൃശ്യകലകൾ നിരീക്ഷിച്ച് സാജാത്യവൈജാത്യങ്ങൾ കണ്ടെത്തുവാൻ സാധിക്കുന്നു.
3. സ്വന്തം കലാവാസനകൾ ഉണരുകയും സ്വയം പരിശീലിച്ച് പ്രകടിപ്പിക്കാൻ പ്രേരണയുണ്ടാവുകയും ചെയ്യുന്നു.
4. എഴുത്ത്, അഭിനയം, സംവിധാനം തുടങ്ങിയ കലാപരമായ ഇടപെടലുകളിൽ സന്നദ്ധതയുണ്ടാകുന്നു.
5. ആസ്വാദനശേഷി വർദ്ധിക്കുകയും കലാരൂപങ്ങളെ വിമർശനാത്മകമായി വിലയിരുത്തുകയും ചെയ്യുന്നു.